**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2898** **18-03-2022 - ൽ മറുപടിയ്ക്ക്**

**ബൈപാസ് വികസനം- വെട്ടിമാറ്റിയ മരങ്ങൾക്ക് പകരമായുള്ള തൈനടീൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് രാമനാട്ടുകര–വെങ്ങളം ബൈപാസ് ആറു വരിയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത മരങ്ങളുടെ 3 വർഷത്തെ പരിപാലനത്തിനായി 1.60 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നോ; വിശദമാക്കാമോ; | (ബി) | കോഴിക്കോട് രാമനാട്ടുകര - വെങ്ങളം ബൈപാസ് ആറു വരിയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റിയ 2354 മരങ്ങൾക്ക് പകരം പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച 1.60 കോടി രൂപയുടെ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കാഷ്വാലിറ്റി റീപ്ലെയിസ്മെൻറ് ഉൾപ്പെടെ 26,000 തൈകൾ ഉത്പാദിപ്പിച്ച് നട്ട് പിടിപ്പിച്ച് മൂന്ന് വർഷത്തെ പരിചരണം നടത്തുന്നതിനാണ് മേൽ തുക അനുവദിച്ചിട്ടുള്ളത്. ആകെ 23,834 തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ആദ്യ ഗഡുവായ 80 ലക്ഷം രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറിയിട്ടുണ്ട്. ആയതിൽ 63.70 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ക്രമക്കേടുകൾ നടന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | വളമായി ഇടുന്ന ചാണകത്തിന് പോലും മാർക്കറ്റ് വിലയുടെ നാലിരട്ടി വരെ രേഖപ്പെടുത്തി എസ്റ്റിമേറ്റുകൾ പാസാക്കിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പ്രാഥമിക പരിശോധനയിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിച്ച് പരിപാലിക്കുന്നതിനു വേണ്ടി നടത്തിയ പ്രവൃത്തികളിൽ ചാണകപ്പൊടിക്ക് അനുവദിച്ച തുക അധികമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ക്രമക്കേടുകൾ വനം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | കോഴിക്കോട് രാമനാട്ടുകര വെങ്ങളം ബൈപാസ് ആറു വരിയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം തൈകൾ വച്ച് |

| | | | |
|---|---|---|---|
| | | | പിടിപ്പിക്കുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർ പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ